# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3015 — 13.10.2011 -ൽ മറുപടിക്ക്

## വ്യാജ മോട്ടോർവാഹന ബ്രോക്കർമാർക്കെതിരെ നടപടി

| ചോദ്യം<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) മലബാറിലെ കർണ്ണാടകാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും വ്യാജ മോട്ടോർ വാഹന ബ്രോക്കർമാർ അഡ്വാൻസ് നൽകി വാഹനം കൈവശപ്പെടുത്തിയ ശേഷം അവ പൊളിച്ചു വിൽപ്പന നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | എ) ഇതു സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഇരിട്ടി പോലീസ് സ്റ്റേഷൻ ക്രൈം 475/2011 u/s 406,420 IPC പ്രകാരം രജിസ്റ്റർ ചെയ്ത പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇങ്ങനെ കബളിപ്പിക്കപ്പെട്ട് വാഹനം നഷ്ടപ്പെടുന്നവർക്ക് വാഹനം നഷ്ടപ്പെട്ടതായുള്ള സർട്ടിഫിക്കറ്റ് നൽകാറുണ്ടോ; ഇല്ലെങ്കിൽ സർട്ടിഫിക്കറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ; | ബി) പരാതിക്കാർക്ക് FIR ന്റെ കോപ്പി നൽകാറുണ്ട്. |
| (സി) വാഹനം നഷ്ടപ്പെട്ടതായി പോലീസിന് ബോദ്ധ്യം വന്ന കേസ്സുകളിൽ വാഹന നികുതി ഒടുക്കാത്തതിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) വാഹനം നഷ്ടപ്പെട്ടതായി പോലീസിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എന്തു നടപടികൾ സ്വീകരിച്ചു? | ഡി) ഇതു സംബന്ധിച്ച് ഒരു പരാതി ലഭിക്കുകയും ആയതിന്മേൽ ഇരിട്ടി പോലീസ് സ്റ്റേഷൻ ക്രൈം 475/2011 u/s 406,420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് വാഹനത്തിന്റെ ഭാഗങ്ങൾ ബന്തവസ്സിലെടുത്ത് അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ